പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 143 14.06.2013 -ലെ മറുപടിക്ക്

**ഓൺലൈൻ കെട്ടിടനിർമ്മാണ അനുമതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി.ജോർജ്<br>ശ്രീ. എം.പി.വിൻസെന്റ്<br>ശ്രീ. പാലോട് രവി<br>ശ്രീ വർക്കല കഹാർ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) നഗരങ്ങളിൽ കെട്ടിടനിർമ്മാണ അനുമതി ഓൺലൈൻ ആയി മാറ്റുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) നഗരങ്ങളിൽ കെട്ടിടനിർമ്മാണ അനുമതി ഓൺലൈൻ ആക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി)എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) ഇതിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br>1. പെർമിറ്റ് നൽകുന്ന നടപടി സുതാര്യവും, കാര്യക്ഷമവുമായി നടപ്പിലാക്കാൻ കഴിയുന്നു.<br>2. ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പു വരുത്തുന്നു.<br>3. നിയമാനുസൃത നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നു.<br>4. സമയബന്ധിതമായി കെട്ടിട നിർമ്മാണ അനുമതി നൽകാൻ കഴിയുന്നു.<br>5. കെട്ടിടനിർമ്മാണ പെർമിറ്റുകൾ നൽകുന്നതിന് മുൻഗണനാക്രമം കൃത്യമായും പാലിക്കാൻ കഴിയുന്നു. |

⇨

| | |
|---|---|
| (സി)ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി)ഇൻഫർമേഷൻ കേരള മിഷൻ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ഡി)എന്തെല്ലാം സൗകര്യങ്ങളാണ് ഇതു വഴി ലഭിക്കുന്നത്; വിശദമാക്കുമോ? | (ഡി) കെട്ടിടനിർമ്മാണ അപേക്ഷകളിൽ കാലതാമസം ഒഴിവാക്കി, പെർമിറ്റ് സമയബന്ധിതമായി ലഭ്യമാകുന്നതാണ്. ഇ-ഫയലിംഗ്/ഇ-പേയ്മെന്റ് എന്നിവ നടത്തുന്നതിന് സൗകര്യമുണ്ടാകും. സൈറ്റ് വെരിഫിക്കേഷൻ തീയതിയും, അപാകതയുള്ളവയുടെ വിവരങ്ങളും എസ്.എം.എസ് വഴി അപേക്ഷകർക്ക് അപ്പപ്പോൾ നൽകുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ